**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഡെപ്യൂട്ടേഷനിലുള്ള ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ശമ്പളത്തിൽ നിന്നും നേരിട്ട് പിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ, പെൻ നമ്പർ ലഭിക്കാതെ പകരം ടെൻ നമ്പർ ലഭിച്ച ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക ശമ്പളത്തിൽ നിന്ന് നേരിട്ട് പിടിക്കുവാൻ നടപടി സ്വീകരിക്കുമോ;<br>വിശദമാക്കാമോ; | (എ) | മുൻസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോകുന്നവർക്ക് പെൻ നം. അനുവദിക്കാൻ കഴിയാത്തതിനാലാണ് അവർക്ക് ടെൻ നം. അനുവദിക്കുന്നത്. ടെൻ നം. ഉപയോഗിച്ച് SLI, GIS, MEDISEP പോലുള്ള നിർബന്ധിത പ്രതിമാസ കിഴിവുകൾ ഈടാക്കുന്നത് സംബന്ധിച്ച് 18/10/2022 -ലെ സ.ഉ.(അച്ചടി)നം. 128/2022/ധന ഉത്തരവ് പ്രകാരം ഡി.ഡി.ഒ. -മാർക്ക് നിർദ്ദേശം നൽകിയിരുന്നു. മേൽ ഉത്തരവ് പാലിച്ച് വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഏതൊക്കെ ശീർഷകങ്ങളിലേക്കാണ് കിഴിവ് നടത്തേണ്ടതെന്ന് ഡി.ഡി.ഒ. -മാർക്ക് 24/06/2022 സ.ഉ(അച്ചടി)നം.71/2022/ധന നമ്പർ ഉത്തരവിലും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ടെൻ നമ്പർ ലഭിച്ച ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക ജീവനക്കാർ തന്നെ ട്രഷറിയിൽ മാസംതോറും ഒടുക്കുന്ന അവസ്ഥ നിർത്തലാക്കി ,ശമ്പളത്തിൽ നിന്ന് നേരിട്ട് പിടിച്ച് ഇ- ട്രഷറി വഴി ഡിഡിഒ അടയ്ക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | മുൻസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോകുന്നവർക്ക് പെൻ നം. അനുവദിക്കാൻ കഴിയാത്തതിനാലാണ് അവർക്ക് ടെൻ നം. അനുവദിക്കുന്നത്. ടെൻ നം. ഉപയോഗിച്ച് SLI, GIS, MEDISEP പോലുള്ള നിർബന്ധിത പ്രതിമാസ കിഴിവുകൾ ഈടാക്കുന്നത് സംബന്ധിച്ച് 18/10/2022 -ലെ സ.ഉ.(അച്ചടി)നം. 128/2022/ധന ഉത്തരവ് പ്രകാരം ഡി.ഡി.ഒ. -മാർക്ക് നിർദ്ദേശം നൽകിയിരുന്നു. മേൽ ഉത്തരവ് പാലിച്ച് വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഏതൊക്കെ ശീർഷകങ്ങളിലേക്കാണ് കിഴിവ് നടത്തേണ്ടതെന്ന് ഡി.ഡി.ഒ. -മാർക്ക് 24/06/2022 സ.ഉ(അച്ചടി)നം.71/2022/ധന നമ്പർ ഉത്തരവിലും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക പിടിക്കുന്നതിന് സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള പ്രായോഗികത പരിശോധിച്ച് എത്രയും വേഗം നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രായോഗികത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ